ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 11-06-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ കൂട്ടായ ഉത്തരവാദിത്തം അനിവാര്യമാണെന്ന് നീതി ആയോഗ് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi has said that achieving the goal of a Viksit Bharat requires the collective responsibility and coordinated efforts of both the Central and State Governments, while addressing the NITI Aayog meeting.**

2. കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ള രാമനാട്ടുകര സ്വദേശിക്ക് നിപ സ്ഥിരീകരിച്ചു; രോഗിയുടെ സമ്പർക്ക പട്ടികയിലുള്ളത് 77 പേർ; നിലവിൽ ആർക്കും രോഗലക്ഷണങ്ങളില്ല.

   **Nipah virus infection has been confirmed in a resident of Ramanattukara who is undergoing treatment at the Kozhikode Medical College Hospital. A total of 77 people have been identified in the patient's contact list, and none of them has shown symptoms so far.**

3. ഒമാൻ തീരത്ത് വാണിജ്യ കപ്പലിന് നേരെയുണ്ടായ ആക്രമണത്തിൽ, മൂന്ന് ഇന്ത്യൻ നാവികർ കൊല്ലപ്പെട്ട സംഭവത്തെ അപലപിച്ച് ഇന്ത്യ; മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന് അടിയന്തര ക്രമീകരണമൊരുക്കുമെന്ന് കേന്ദ്ര സർക്കാർ.

   **India has condemned the attack on a merchant vessel off the coast of Oman in which three Indian seafarers were killed. The Union Government has assured that urgent arrangements will be made to bring the mortal remains back to the country.**

4. പശ്ചിമേഷ്യൻ മേഖലയിൽ സംഘർഷം അതിരൂക്ഷം; ആക്രമണങ്ങൾ തുടർന്ന് അമേരിക്കയും ഇറാനും.

**Tensions in the West Asia region have escalated further, with the United States and Iran continuing attacks.**

5. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫ്രാൻസ്, സ്ലൊവാക്യ സന്ദർശനം ഈ മാസം 14 ന് ആരംഭിക്കും.

**Prime Minister Narendra Modi's visit to France and Slovakia will commence on the 14th of this month.**

6. ഫിഫ ലോകകപ്പ് ഫുട്ബോളിന് ഇനി മണിക്കൂറുകൾ മാത്രം; ആഘോഷലഹരിയിൽ കായികലോകം.

**Only a few hours remain for the FIFA World Cup Football tournament to begin, with the sporting world immersed in a festive atmosphere.**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## PM-NITI AAYOG

ആഗോള അനിശ്ചിതത്വത്തിനും,

അസ്ഥിരതയ്ക്കുമിടയിൽ , ഇന്ത്യ ആത്മവിശ്വാസത്തോടെ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നീതി ആയോഗിൻറെ 11-ാമത് ഭരണസമിതി യോഗത്തിന് ന്യൂഡൽഹിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ കൂട്ടായ ഉത്തരവാദിത്തം ആവശ്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. സ്ത്രീകൾ നയിക്കുന്ന വികസനമാണ് വികസിത ഭാരതത്തിനായുള്ള യാത്രയിൽ സുപ്രധാനമെന്നും അദ്ദേഹം വ്യക്തമാക്കി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## NIPAH - K MURALEEDHARAN ( INTRO)

കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ള രാമനാട്ടുകര സ്വദേശിയായ 43 കാരന് നിപ സ്ഥിരീകരിച്ചു. രോഗിയുടെ സമ്പർക്ക പട്ടികയിൽ 77

പേരാണുള്ളത്. പട്ടികയിലുള്ളവർക്ക് നിലവിൽ രോഗലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ആരോഗ്യമന്ത്രി കെ.മുരളീധരൻ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. രോഗിയുടെ റൂട്ട് മാപ്പ് ആരോഗ്യ വകുപ്പ് തയ്യാറാക്കി. കോഴിക്കോട് പ്രത്യേക കൺട്രോൾ റൂമും സജ്ജീകരിച്ചു.

(ഹോൾഡ് വോയിസ്)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## SHIGALLA

തിരുവനന്തപുരത്ത് ഷിഗല്ല സ്ഥിരീകരിച്ചവരുടെ എണ്ണം ആറായി. വയനാട്ടിൽ 9 കുട്ടികൾക്കും, കൊല്ലത്ത് രണ്ട് പേർക്കും, കോഴിക്കോട് മൂന്ന് പേർക്കുമാണ് രോഗബാധ. ഷിഗെല്ല വ്യാപനത്തെക്കുറിച്ച് ആശങ്കപ്പെടേണ്ട സാഹചര്യം സംസ്ഥാനത്തില്ലെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ പറഞ്ഞു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## INTER- MINISTERIAL (INTRO)

ഒമാൻ തീരത്ത് 'സെറ്റബെല്ലോ' എന്ന വാണിജ്യ കപ്പലിന് നേരെയുണ്ടായ ആക്രമണത്തിൽ മൂന്ന് ഇന്ത്യക്കാർ കൊല്ലപ്പെട്ട സംഭവത്തെ ശക്തമായി അപലപിച്ച് ഇന്ത്യ. യു.എസ് നയതന്ത്ര ഉദ്യോഗസ്ഥനെ വിളിച്ചുവരുത്തി സർക്കാർ പ്രതിഷേധം അറിയിച്ചതായി ന്യൂഡൽഹിയിൽ അന്തർ മന്ത്രാലയ യോഗത്തിനു ശേഷം വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു. മേഖലയിലെ കപ്പലുകൾക്ക് നേരെയുള്ള ആക്രമണങ്ങൾ ഉടനടി അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

( വോയിസ്....)

കപ്പലിന് നേരെ ഇന്നലെ രാത്രിയാണ് യുഎസ് മിസൈൽ ആക്രമണം ഉണ്ടായത്. മരണമടഞ്ഞ നാവികരുടെ കുടുംബങ്ങൾക്ക് സർക്കാർ എല്ലാ സഹായവും നൽകുമെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനും അടിയന്തര ക്രമീകരണമൊരുക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## OMAN TANKER CRISIS

വടക്കൻ ഒമാനിലെ ഷിനാസ് തുറമുഖത്തിന് സമീപം, ഒരു വാണിജ്യ കപ്പലിന് കൂടി തീപിടിച്ചു. ഗിനി-ബിസോ പതാകയുള്ള, എംടി ജൽവീർ എന്ന കപ്പലിനാണ് തീപിടിച്ചത്. കപ്പലിൽ 20 ഓളം ഇന്ത്യൻ ജീവനക്കാരാണുള്ളത്. കഴിഞ്ഞ 72 മണിക്കൂറിനിടെ, ഒമാൻ തീരത്ത്, ഇന്ത്യൻ നാവികരുള്ള മൂന്നാമത്തെ കപ്പലിനാണ് ഇത്തരത്തിൽ തീപിടിക്കുന്നത്. യുഎസ് ആക്രമണത്തിലാണ് മറ്റ് രണ്ട് കപ്പലുകളിലും തീപിടിത്തമുണ്ടായത്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## WEST ASIA SITUATION

പശ്ചിമേഷ്യയെ കൂടുതൽ സംഘർഷത്തിലാക്കി, അമേരിക്കയും ഇറാനും ആക്രമണങ്ങൾ തുടരുകയാണ്. ഇറാനിലെ സൈനിക സംവിധാനങ്ങൾ ലക്ഷ്യമിട്ടാണ് തുടർച്ചയായ രണ്ടാം ദിവസവും അമേരിക്ക ആക്രമണം നടത്തിയത്. ബന്ദർ അബ്ബാസിലും, ക്വെഷം ദ്വീപിലും വൻ സ്ഫോടനങ്ങളുണ്ടായി. ഗൾഫ് മേഖലയിലെ യു.എസ് സൈനിക കേന്ദ്രങ്ങൾക്ക് നേരെ ഇറാനും പ്രത്യാക്രമണം നടത്തി. ഹോർമുസ് കടലിടുക്ക് പൂർണമായും അടച്ചതായും, കടന്നുപോകാൻ ശ്രമിക്കുന്ന വാണിജ്യക്കപ്പലുകൾക്ക് നേരെ ആക്രമണം ഉണ്ടാകുമെന്നും ഇറാൻ മുന്നറിയിപ്പ് നൽകി. എന്നാൽ ഇറാൻറെ അവകാശവാദം അമേരിക്ക തള്ളി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## PM G7 VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി, ഈ മാസം 14 മുതൽ 18 വരെ, ഫ്രാൻസിലും സ്ലൊവാക്യയിലും സന്ദർശനം നടത്തും. 52-ാമത്, ജി7 ഉച്ചകോടിയിൽ പങ്കെടുക്കാൻ, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ ക്ഷണപ്രകാരമാണ് സന്ദർശനമെന്ന്, വിദേശകാര്യ മന്ത്രാലയ സെക്രട്ടറി സിബി ജോർജ്, ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഫ്രാൻസിലെ നിസ്, എവിയൻ, പാരീസ് എന്നീ നഗരങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുന്നത്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## VAISHNAW-JAIPUR (INTRO)

രാജസ്ഥാനിലെ രാംഗഡിൽ, 20 കിലോവാട്ട് എഫ്എം ട്രാൻസ്മിറ്റർ, കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്, വെർച്വലായി ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ ആകാശവാണി, ദൂരദർശൻ കവറേജ് ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു

(ഹോൾഡ് -വോയിസ്)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## CENSUS 2027 (INTRO)

2027 സെൻസസിന്റെ ഭാഗമായ സെൽഫ് എന്യൂമറേഷൻ സൗകര്യം സംസ്ഥാനത്ത് ഈ മാസം 16 മുതൽ 30 വരെ ലഭ്യമാകും. ജൂലൈ 1 മുതൽ 30 വരെയാണ് സെൻസസിന്റെ

ഒന്നാം ഘട്ടം. എറണാകുളം ജില്ലയിൽ വിവരശേഖരണത്തിന് 6538 എന്യുമറേറ്റർമാരെ ചുമതലപ്പെടുത്തി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി.നഹീമ .....

(വോയിസ്)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## SC-HOMEMAKERS

കുടുംബങ്ങളെയും ഭാവി തലമുറയെയും രൂപപ്പെടുത്തുന്നതിൽ വീട്ടമ്മമാർ വഹിക്കുന്ന പങ്ക് കണക്കിലെടുത്ത്, അവരെ "രാഷ്ട്ര നിർമ്മാതാക്കൾ" ആയി അംഗീകരിക്കണമെന്ന് സുപ്രീം കോടതി . വേതനമില്ലാതെ ജോലി ചെയ്യുന്ന വീട്ടമ്മമാർക്ക്, പ്രതിമാസം 30,000 രൂപയെങ്കിലും ലഭിക്കണമെന്നും ആക്സിഡൻറ് ക്ലെയിയുമായി ബന്ധപ്പെട്ട അപ്പീലിലെ വാദത്തിനിടെ സുപ്രീം കോടതി നിരീക്ഷിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## LABOUR CODES- SHOBHA KARANDLAJE

29 കേന്ദ്ര തൊഴിൽ നിയമങ്ങളെ, നാല് തൊഴിൽ കോഡുകളായി ഏകീകരിച്ചതിലൂടെ രാജ്യത്തെ തൊഴിൽ മേഖലയിൽ, ദീർഘതല സ്പർശിയായ പരിഷ്കാരങ്ങൾ നടപ്പാക്കിയതായി കേന്ദ്ര തൊഴിൽ മന്ത്രി ശോഭ കരന്ദ്‌ലജെ. സ്വിറ്റ്സർലൻഡിലെ ജനീവയിൽ, അന്താരാഷ്ട്ര തൊഴിൽ സമ്മേളനത്തിന്റെ, പ്ലീനറി സെഷനിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## WORLD CUP

കായികലോകം ആവേശത്തോടെ കാത്തിരിക്കുന്ന ഫിഫ ലോകകപ്പ് ഫുട്ബോളിന് ഇനി മണിക്കൂറുകൾ മാത്രം. 48 ടീമുകൾ പങ്കെടുക്കുന്ന ടൂർണമെൻറിന് അമേരിക്കയും, മെക്സിക്കോയും, കാനഡയും സംയുക്തമായാണ് ആതിഥേയത്വം വഹിക്കുന്നത്. ഇന്ത്യൻ സമയം രാത്രി 10.30-നാണ് ഉദ്ഘാടന ചടങ്ങ് ആരംഭിക്കുക. മെക്സിക്കോയിലെ ചരിത്രപ്രസിദ്ധമായ എസ്റ്റാഡിയോ ആസ്ടെക്ക സ്റ്റേഡിയത്തിൽ രാത്രി 12:30-ന് ആരംഭിക്കുന്ന ആദ്യ മത്സരത്തിൽ, ആതിഥേയരായ മെക്സിക്കോ ദക്ഷിണാഫ്രിക്കയെ നേരിടും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## WOMENS T20 WORLD CUP

ICC വനിതാ ടി20 ക്രിക്കറ്റ് ലോകകപ്പ്, പത്താം പതിപ്പിന് നാളെ തുടക്കം. ഉദ്ഘാടന മത്സരത്തിൽ, ആതിഥേയരായ ഇംഗ്ലണ്ട്, ശ്രീലങ്കയെ നേരിടും. അടുത്ത മാസം 5 നാണ് ഫൈനൽ . 12 ടീമുകൾ മത്സരിക്കുന്ന ടൂർണമെന്റിൽ, ഹർമൻപ്രീത് കൗർ, ഇന്ത്യൻ സംഘത്തെ നയിക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## GOVT 12 YEARS

കഴിഞ്ഞ 12 വർഷത്തിനിടെ എൻഡിഎ സർക്കാരിന്റെ ഭരണത്തിന് കീഴിൽ രാജ്യത്ത് ശ്രദ്ധേയമായ പരിവർത്തനമാണ് ഉണ്ടായിട്ടുള്ളത്. ഈ കാലയളവിൽ,

ദരിദ്രരുടെയും കർഷകരുടെയും സ്ത്രീകളുടെയും യുവാക്കളുടെയും ക്ഷേമത്തിനും ശാക്തീകരണത്തിനുമായി സർക്കാർ നിരവധി സംരംഭങ്ങൾ നടപ്പിലാക്കി. പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമീൺ പ്രകാരം, ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തികമായി ദുർബലരായ കുടുംബങ്ങൾക്കായി നാല് കോടിയിലധികം വീടുകൾ അനുവദിച്ചിട്ടുണ്ട്.

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിലാണ് പുരസ്കാരം സമ്മാനിക്കുന്നത്. നടൻ മമ്മൂട്ടി

പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.